ജീവനക്കാരുടെ പണിമുടക്ക് ഒഴിവാക്കുന്നതിനായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ

4 [2308] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്ക് ഒഴിവാക്കുന്നതിനുവേണ്ടി ഗവൺമെന്റും സംഘടനാനേതാക്കളും തമ്മിൽ നടത്തിയ ചർച്ചയിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചർച്ചയിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി:

1. 2-3-2005-ൽ കൂടുന്ന മന്ത്രിസഭായോഗത്തിൽ ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കും.
2. കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ (TOR), സംഘടനകൾ ഒരാഴ്ചക്കകം സമർപ്പിക്കണം.
3. സർക്കാർ ജീവനക്കാരുടെ യാത്രാബത്തയിലെ പരിഷ്കരണം/ നിയന്ത്രണം പിൻവലിക്കുന്നകാര്യം പരിഗണിക്കും.
4. ശമ്പള കമ്മീഷനിൽനിന്നും ഇടക്കാല റിപ്പോർട്ട് വാങ്ങി, ഇടക്കാലാശ്വാസം നൽകുന്നകാര്യം പരിഗണിക്കും.
5. ഓരോ വകുപ്പിലും ശമ്പളം നൽകാനാവശ്യമായ തുകയ്ക്കുള്ള allotment വാങ്ങിയിരിക്കണമെന്ന നിർദ്ദേശം ധനകാര്യവകുപ്പ് പരിശോധിക്കും.
6. കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയും ധനകാര്യവകുപ്പ് പരിശോധിക്കും.
7. പുതുതായി സർവ്വീസിൽ കയറിയവർക്ക് അടിസ്ഥാനശമ്പളം മാത്രം നൽകിയിരുന്ന കാലയളവിലെ അലവൻസുകളും മറ്റും നൽകുന്നകാര്യം പരിശോധിക്കും.

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം

5 [2310] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *പി. നാരായണൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:*
,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly